**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5756** | **16-03-2023 - ൽ മറുപടിയ്ക്ക്**

**ഉദുമ നഴ്സിങ്ങ് കോളേജ് ഹോസ്റ്റൽ നിർമ്മാണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സി. എച്ച്. കുഞ്ഞമ്പു</td><td colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സി-മെറ്റിന്റെ കീഴിൽ ഉദുമ പെരിയയിൽ പ്രവർത്തിക്കുന്ന ഉദുമ നഴ്സിങ്ങ് കോളേജ് ഹോസ്റ്റൽ ചെലവിനത്തിൽ നാളിതുവരെ എത്ര തുക വിനിയോഗിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ;</td><td>(എ)</td><td>സി-മെറ്റിന്റെ കിഴിൽ ഉദുമ പെരിയയിൽ പ്രവർത്തിക്കുന്ന ഉദുമ നഴ്സിങ് ഹോസ്റ്റൽ ചെലവിനത്തിൽ ഇതുവരെ Rs.2,93,60,913/- (രണ്ട് കോടി തൊണ്ണൂറ്റി മൂന്നു ലക്ഷത്തി അറുപതിനായിരത്തി തൊള്ളായിരത്തി പതിമൂന്ന് രൂപ മാത്രം) വിനിയോഗിച്ചിട്ടുണ്ട്<br><table><tr><td>വാടക</td><td>Rs.1,76,74,400/-</td></tr><tr><td>ഇലക്ട്രിസിറ്റി</td><td>Rs. 27,10,267/-</td></tr><tr><td>ടെലിഫോൺ</td><td>Rs. 12,246/-</td></tr><tr><td>ജീവനക്കാരുടെ വേതനം</td><td>Rs. 89,64,000/-</td></tr><tr><td>ആകെ</td><td>Rs.2,93,60,913/-</td></tr></table></td></tr>
<tr><td>(ബി)</td><td>ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കാൻ ഈ സ്ഥാപനത്തിന് നിലവിൽ സ്ഥലം ലഭ്യമാണോ; വിശദാംശം അറിയിക്കാമോ;</td><td>(ബി)</td><td>ഉദുമയിൽ സി-മെറ്റ് കോളേജ് ഓഫ് നേഴ്സിംഗിനു 7 ഏക്കർ ഭൂമി ഉണ്ട് . ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാണ്.</td></tr>
<tr><td>(സി)</td><td>സ്ഥലം ലഭ്യമാണെങ്കിൽ ഈ സ്ഥാപനത്തിന് സ്വന്തമായി ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;</td><td>(സി)</td><td>മതിയായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഹോസ്റ്റൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്.</td></tr>
<tr><td>(ഡി)</td><td>സി-മെറ്റിന് തനത് ഫണ്ടായി എത്ര രൂപ നീക്കിയിരിപ്പുണ്ട്; വിശദാംശം അറിയിക്കാമോ;</td><td>(ഡി)</td><td>മുട്ടത്തറ നഴ്സിംഗ് കോളേജ് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി KNMC നല്കിയ തുക ഉൾപ്പെടെ സി-മെറ്റിനു ഫണ്ട് ആയി 23 കോടി നീക്കിയിരിപ്പുണ്ട്.</td></tr>
<tr><td>(ഇ)</td><td>ഈ ഫണ്ട് ഉപയോഗിച്ച് ഭാരിച്ച തുക വാടക നൽകുന്നത് ഒഴിവാക്കുന്നതിലേക്കായി സ്വന്തമായി ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?</td><td>(ഇ)</td><td>മുട്ടത്തറ കോളേജിന്റെ നിർമ്മാണ പ്രവർത്തനത്തിന് മാത്രമേ നിലവിലുള്ള ഫണ്ട് തികയുകയുള്ളൂ. ആയതിനാൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഉദുമ ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.</td></tr>
</table>

സെക്ഷൻ ഓഫീസർ